"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ആനന്ദ് കിഷോർ, സീനിയർ സൂപ്രണ്ട്-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.733/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.11.2025 ലെ LSGD/PD/26125/2025-IE1നമ്പർ ഉത്തരവ്.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.01.2026-ലെ LSGD/PD/26125/225-IE1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിൽ സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിൽ 14.06.2021-ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ആനന്ദ് കിഷോർ പ്രൊബേഷൻ കാലയളവിൽ നിർബന്ധമായും പാസാകേണ്ട വകുപ്പുതല പരീക്ഷ പാസാകാതിരുന്നതിനാലും ടി കാലയളവിൽ ടിയാന് രണ്ടു ദിവസം ഡയസ് നോൺ ആയിരുന്നതിനാലും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 16.6.2023 മുതൽ 15.06.2024 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. പ്രസ്തുത പ്രൊബേഷൻ കാലയളവ് 14.05.2025 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം പ്രിൻസിപ്പിൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2.ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ആനന്ദ് കിഷോർ നിശ്ചിത യോഗ്യത ആർജ്ജിച്ച വകുപ്പുതല പരീക്ഷകളിൽ അവസാന പരീക്ഷ നടന്ന തീയതി 12.05.2025 ആണെന്നും, ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് മറ്റ് തരത്തിൽ അർഹനാണെന്നും അപ്രകാരം ടിയാന്റെ പ്രൊബേഷൻ 13.05.2025 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കാവുന്നതാണെന്നും കാണുന്നു. പ്രൊബേഷൻ കാലയളവ് ഒരു വർഷം വരെ ദീർഘിപ്പിച്ചു നൽകിയ പരാമർശം (1) ഉത്തരവിന്റെ കാലാവധി 15.06.2024-ന് അവസാനിച്ച സാഹചര്യത്തിൽ, പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) ശിപാർശയുടെ അടിസ്ഥാനത്തിൽ, ടിയാന്റെ പ്രൊബേഷൻ കാലം 13.05.2025 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്ന തരത്തിൽ, പ്രൊബേഷൻ കാലയളവ് 16.06.2024 പൂർവ്വാഹ്നം

മുതൽ **14.05.2025** അപരാഹ്നം വരെ, **1958**-ലെ കെ.എസ്. & എസ്.എസ്.ആർ ഭാഗം -**II** ചട്ടം **21** പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ആനന്ദ് കിഷോർ , സീനിയർ സൂപ്രണ്ട്, തദ്ദേശ സ്വയം ഭരണ വകുപ്പ്
*(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
അക്കൗണ്ടന്റ് ജനറൽ , (എ&ഇ/ആഡിറ്റ്), കേരള (തിരുവനന്തപുരം/തൃശ്ശൂർ)
വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/30/2026-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 13-03-2026 16:18:27